പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2801 28-10-2026-ൽ മറുപടിയ്ക്ക്

പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ, പുലിമുട്ട് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി .എം. എ. സമീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിൽ അധികമായി വന്ന പ്രവൃത്തികൾക്ക് കിഫ്ബി അനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ അധികമായി വന്ന പ്രവൃത്തികൾക്ക് ആദ്യഘട്ട അനുമതി 26.10.2024-ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ നൽകിവരുന്നു. രണ്ടാംഘട്ട പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് കടലാക്രമണം ചെറുക്കുന്നതിന് നിലവിലുള്ള പുലിമുട്ടുകൾ ശക്തിപ്പെടുത്തുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇവയുടെ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് സഹിതം വിശദമാക്കാമോ;

മറുപടി: കടലാക്രമണം ചെറുക്കുന്നതിന് കടൽഭിത്തികൾ /ഗ്രോയിനുകൾ നിർമ്മാണം നടത്തുന്നത് ഇറിഗേഷൻ വകുപ്പ് മുഖേനയാണ്. പരപ്പനങ്ങാടി തീരപ്രദേശത്ത് ഇറിഗേഷൻ വകുപ്പ് കടൽഭിത്തി ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇവിടങ്ങളിൽ കടൽഭിത്തി തകർന്നഭാഗങ്ങളിൽ റിഫോർമേഷൻ പ്രവൃത്തികൾ നടപ്പിലാക്കി സംരക്ഷണമൊരുക്കി വരുന്നുണ്ട്. നിലവിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി തീര പ്രദേശത്ത് പുതിയ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. എന്നിരുന്നാലും പ്രസ്തുത പ്രദേശത്ത് ഹാർബർ നിർമ്മാണം മൂലം ആണോ കടലാക്രമണം രൂക്ഷമാകുന്നത് എന്നു പരിശോധിച്ച് വിശദമായ ടെക്നിക്കൽ റിപ്പോർട്ട് നല്കാൻ CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പരപ്പനങ്ങാടി ഫിഷിങ് ഹാർബർ, പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളുടെ പുരോഗതി ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

മറുപടി: പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിലെ ശേഷിക്കുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

ടി പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതല വഹിക്കുന്ന തീരദേശ വികസന കോർപ്പറേഷനിൽ കൈകാര്യം ചെയ്യുന്ന ഫയൽ നമ്പർ 2737/സി/2018 ആണ്.

സെക്ഷൻ ഓഫീസർ